"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - നിയമനാംഗീകാരം - ശ്രീ പ്രത്യുൻ. പി, എൽ . പി.എസ്.ടി, തുറയൂർ ജെംസ് എ.എൽ.പി സ്കൂൾ, കോഴിക്കോട് - മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

**G.O.(Rt)No.5768/2025/GEDN** തീയതി,തിരുവനന്തപുരം, **25-08-2025**

---

പരാമർശം:-
1. തുറയൂർ ജെംസ് എ.എൽ.പി സ്കൂൾ മാനേജർ സമർപ്പിച്ച **05/05/2025** തീയതിയിലെ റിവിഷൻ ഹർജി
2. മേലടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **21/07/2025** തീയതിയിലെ **AEOMLD/681/2025-C** നമ്പർ കത്ത്
3. വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **04/08/2025** തീയതിയിലെ **DEOVKA/1084/2025-B5** നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിൽ മേലടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് കീഴിലുള്ള തുറയൂർ ജെംസ് എ.എൽ.പി സ്കൂളിൽ എൽ.പി.എസ്.ടി ആയ ശ്രീ. പ്രത്യുൻ പി. യുടെ നിയമനാംഗീകാരം സംബന്ധിച്ച് മാനേജർ സമർപ്പിച്ച പരാമർശം 1 റിവിഷൻ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി ചുമതലപ്പെടുത്തിയത് പ്രകാരം മാനേജരേയും ബന്ധപ്പെട്ട മറ്റ് കക്ഷികളേയും 5.8.2025 ന് കേൾക്കുകയുണ്ടായി.

**2. ഹിയറിംഗ് വേളയിലെ മാനേജരുടെ വാദങ്ങൾ :-**

2023 - 24 വർഷത്തിൽ ഈ വിദ്യാലയത്തിൽ അനുവദിക്കപ്പെടുമെന്ന് പ്രതീക്ഷിച്ച അധിക എൽ.പി.എസ്.ടി തസ്തികയിലാണ് ശ്രീ.പത്യുൻ പി യെ 05/06/23 മുതൽ നിയമിച്ചത്. എന്നാൽ നിയമനാംഗീകാരം താഴെ കാണിച്ചിരിക്കുന്ന കാരണങ്ങളാൽ മേലടി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ

നിരസിച്ചു.

1. 2023 - 24 വർഷത്തിൽ അധിക തസ്തിക അനുവദിച്ചിട്ടില്ല.
2. സീനിയർ ആയി നിയമിതരായവരുടെ നിയമനങ്ങൾക്ക് അംഗീകാരമായിട്ടില്ല.
3. 1:1 റേഷ്യോ പാലിക്കേണ്ടതുണ്ട്.
4. 06/02/21 ലെ ഗവ.ഉത്തരവ് (പി) 04/21/പൊ.വി.വ. പ്രകാരം സത്യപ്രസ്താവന നൽകി നിയമനാംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും തത്തുല്യ എണ്ണം ഒഴിവുകൾ മാറ്റി വെച്ചിട്ടില്ല.

ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവിനെതിരായി അപ്പീൽ/ റിവിഷൻ ഹർജികൾ സമർപ്പിച്ചെങ്കിലും, അധിക തസ്തികയിൽ 1:1 റേഷ്യോ പാലിച്ചിട്ടില്ലെന്ന കാരണത്താലാണ് ഇപ്പോൾ ഡയറക്ടർ റിവിഷൻ ഹർജി അനുവദിക്കാതിരുന്നത്.

താഴെ പറയുന്ന വസ്തുതകൾ പരിഗണിച്ചാലും.

2023 - 24 വർഷത്തിൽ ഗവ. അനുമതിയോടെ അധിക എൽ.പി.എസ്.ടി തസ്തിക വിദ്യാലയത്തിൽ അനുവദിച്ചിട്ടുണ്ട്. (13/1/24 ലെ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ സി/58944/23 നമ്പർ ഉത്തരവ്) ആയതിനാൽ ശ്രീ. പ്രത്യുനെ ഉൾക്കൊള്ളാൻ ഒഴിവ് നിലവിലുണ്ട്.

അധിക തസ്തിക നിയമനത്തിനായി മാനേജർ 1:1 റേഷ്യോ പാലിക്കുന്നതാണ്. നിലവിൽ ഒഴിവ് ലഭ്യമല്ലാത്തതിനാൽ ഭാവിയിൽ വരുന്ന ഒരു ഒഴിവ് ഈ ആവശ്യത്തിനായി മാറ്റി വെക്കാനും ആയതിന് സത്യപ്രസ്താവന സമർപ്പിക്കാൻ മാനേജർ സന്നദ്ധനുമാണ്.

ആയതിനാൽ 2023 - 24 വർഷത്തെ അധിക എൽ.പി.എസ്.ടി തസ്തികയിൽ നിയമിതനായ ശ്രീ. പ്രത്യുൻ പി യുടെ നിയമനത്തിന് 05/06/23 മുതൽ 30/09/23 വരെ ദിവസ വേതനാടിസ്ഥാനത്തിലും, 01/10/23 മുതൽ ശമ്പള സ്കെയിലിലും,

അംഗീകാരം നൽകാനുള്ള നിർദ്ദേശം മേലടി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകണമെന്നഭ്യർത്ഥിക്കുന്നു.

അധിക തസ്തികയിലെ നിയമനത്തിന് 1:1 അനുപാതം പാലിക്കാത്തതിൽ ശ്രീ. പ്രത്യുൻ പി. യുടെ നിയമനം അംഗീകരിക്കുവാൻ നിർവ്വാഹമില്ലെന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഹിയറിംഗ് വേളയിൽ അറിയിച്ചു.

**3. മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദങ്ങൾ, ഹാജരാക്കപ്പെട്ട രേഖകൾ, ലഭ്യമായ റിപ്പോർട്ടുകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.**

കോഴിക്കോട് ജില്ലയിൽ മേലടി വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന തുറയൂർ ജെംസ് എ എൽ പി സ്കൂളിൽ എൽ പി എസ്. ടി ആയ ശ്രീ. പ്രത്യുൻ പി. യുടെ 5.6.2023 മുതൽ 30.9.2023 വരെയുള്ള നിയമനം ദിവസ വേതനാടിസ്ഥാനത്തിലും 1.10.2023 മുതൽ ശമ്പള സ്കെയിലിലും അംഗീകരിച്ചു നൽകണമെന്നതാണ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യം.

ജെംസ് എ.എൽ.പി സ്കൂളിൽ 2023 -24 വർഷം അനുവദിക്കുമെന്ന് പ്രതീക്ഷിച്ച അധിക എൽ.പി.എസ്. ടി തസ്തികയിൽ പ്രത്യുൻ പി.യെ 05/06/2023 മുതൽ എൽ.പി.എസ്.ടി ആയി നിയമിച്ച് നിയമനാംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നു. 2023-24 വർഷത്തെ അധിക തസ്തിക സർക്കാർ അനുവദിച്ചിട്ടില്ല, സ.ഉ. (പി) നം. 4/2021/പൊ.വി.വ പ്രകാരം സത്യപ്രസ്താവന സമർപ്പിക്കുകയും സംരക്ഷിതാദ്ധ്യാപകർക്ക് തസ്തിക മാറ്റി വെച്ചില്ല എന്ന കാരണത്താൽ നിരസിക്കുകയും ചെയ്ത സീനിയർ നിയമനാർത്ഥികളുടെ നിയമനം സംബന്ധിച്ച അപ്പീൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിഗണയിലാണ്, അധിക തസ്തികയിലെ നിയമനം സംബന്ധിച്ച വ്യവസ്ഥ മാനേജർ പാലിച്ചിട്ടില്ല, നിയമനാർത്ഥിയുടെ സ.ഉ. 29/ 2016/പൊ.വി.വ. പ്രകാരമുള്ള സത്യപ്രസ്താവന ഹാജരാക്കിയിട്ടില്ല എന്നീ കാരണങ്ങളാൽ ഉത്തരവ് നമ്പർ C/47883/2023 തീയതി 25/03/2024 പ്രകാരം നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. തുടർന്ന് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ച അപ്പീൽ അധിക തസ്തികയിലെ നിയമനങ്ങൾ കെ ഇ

ആർ അദ്ധ്യായം XXI 7 (2) പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചു മാത്രമേ നടത്താൻ പാടുള്ളു, മാനേജർ ആയത് പാലിച്ചുകൊണ്ടുള്ള നടപടിക്രമങ്ങളോ ഭിന്നശേഷി സംബന്ധിയായ സർക്കാർ/ ബഹു. കോടതി ഉത്തരവുകൾ പാലിക്കാതെയാണ് മേൽ നിയമനം നടത്തിയിട്ടുള്ളത് എന്നതിനാൽ ഉത്തരവ് നമ്പർ B5/719841/2024 തീയതി 02/12/2024 പ്രകാരം പ്രസ്തുത അപ്പീൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ സീനിയർ നിയമനങ്ങൾ അംഗീകരിച്ചിട്ടില്ല, കൂടാതെ അധിക തസ്തികയിൽ 1:1 അനുപാതം പാലിച്ചിട്ടില്ല എന്നതിനാൽ അപ്പീൽ പൊതുവിദ്യാഭ്യാസ ഡയറക്ടറും നിരസിച്ചു.

സീനിയർ അധ്യാപകരുടെ നിയമനങ്ങൾ അംഗീകരിച്ചിട്ടുള്ളതായി മാനേജർ ഹിയറിംഗ് വേളയിൽ അറിയിച്ചു. എന്നാൽ അധിക തസ്തികയിലെ നിയമനങ്ങൾക്ക് 1:1 അനുപാതം പാലിക്കേണ്ടതുണ്ട്. ഇവിടെ മാനേജർ 1:1 അനുപാതം പാലിക്കാത്തതിനാൽ ശ്രീ. പ്രത്യുൻ പി. യുടെ 2023-24 വർഷത്തെ അധിക തസ്തികയിലെ നിയമനം അംഗീകരിക്കുവാൻ നിർവ്വാഹമില്ല. 2019-20 ന് ശേഷമുള്ള അധിക തസ്തികയിലെ നിയമനങ്ങൾക്ക് 6.2.2021 ലെ സ.ഉ.(പി) നം.4/2021/പൊ.വി.വ ഉത്തരവ് പ്രകാരമുള്ള ബോണ്ട് സമർപ്പിക്കുവാൻ കഴിയില്ല.

മേൽ സാഹചര്യത്തിൽ തുറയൂർ ജെംസ് എ.എൽ.പി സ്കൂൾ മാനേജർ സമർപ്പിച്ച പരാമർശം 1 റിവിഷൻ ഹർജി നിരസിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SWAPNA P**
**JOINT SECRETARY**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വടകര, കോഴിക്കോട്
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മേലടി, കോഴിക്കോട്
മാനേജർ , തുറയൂർ ജെംസ് എ.എൽ.പി സ്കൂൾ, പയ്യോളി അങ്ങാടി പി.ഒ,

കോഴിക്കോട് - **673523**

ശ്രീ പ്രത്യുൻ. പി, എൽ.പി.എസ്.ടി, തുറയൂർ ജെംസ് എ.എൽ.പി സ്കൂൾ, പയ്യോളി അങ്ങാടി പി.ഒ, കോഴിക്കോട് - **673523**

ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Asha Rani M

Date: 26-08-2025 12:53:39

സെക്ഷൻ ഓഫീസർ